# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം.*153 - 16/02/2016 - ലെ മറുപടിക്ക്

## ധനകമ്മി കുറയ്ക്കുന്നതിനുള്ള സമയബന്ധിത ലക്ഷ്യങ്ങൾ

**ചോദ്യം**

**ശ്രീ.എസ്.ശർമ്മ**
**പ്രൊഫ. സി.രവീന്ദ്രനാഥ്**
**ശ്രീ. വി.ചെന്താമരാക്ഷൻ**
**ശ്രീ. എ. പ്രദീപ്കുമാർ**

**ഉത്തരം**

**ശ്രീ. ഉമ്മൻ ചാണ്ടി**
**(മുഖ്യമന്ത്രി)**

(എ) നിശ്ചിത കാലയളവിൽ കമ്മി ഇല്ലാതാക്കുന്നതിനും ധനകമ്മി കുറയ്ക്കുന്നതിനും സമയബന്ധിത ലക്ഷ്യങ്ങൾ നിർദ്ദേശിച്ചു കൊണ്ടുള്ള ധന ഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകൾ എല്ലാം പാലിക്കുവാൻ സാദ്ധ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിലെ ധനകമ്മി, റവന്യൂ കമ്മി, കടബാധ്യതകൾ തുടങ്ങിയവയുടെ ധനഉത്തരവാദിത്വ നിയമപ്രകാരമുള്ള ലക്ഷ്യവും നേട്ടവും ചുവടെ ചേർക്കുന്നു.

(ജി.എസ്.ഡി.പി യുടെ ശതമാനത്തിൽ)

| | 2011-12 | | 2012-13 | | 2013-14 | | 2014-15 | |
|---|---|---|---|---|---|---|---|---|
| | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം |
| റവന്യൂ കമ്മി | 1.4 | 2.61 | 0.9 | 2.68 | 0.5 | 2.44 | 0 | 2.65 |
| ധനകമ്മി | 3.50 | 4.16 | 3.50 | 4.29 | 3.0 | 3.66 | 3.00 | 3.59 |
| കടബാദ്ധ്യത | 32.3 | 29.04 | 31.7 | 29.64 | 30.7 | 26.71 | 29.80 | 26.05 |

(ബി)സമയബന്ധിത ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; അവയിൽ നിറവേറ്റാൻ കഴിഞ്ഞിട്ടില്ലാത്തവയെക്കുറിച്ച് വിശദമാക്കാമോ; ആയതിന്റെ കാരണങ്ങൾ വെളിപ്പെടുത്താമോ;

13-ാം ധനകാര്യ കമ്മീഷൻ ശുപാർശയനുസരിച്ചുള്ള 2011 ലെ കേരള ധന ഉത്തരവാദിത്വ (ഭേദഗതി) നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള ലക്ഷ്യങ്ങൾ നേടാൻ സംസ്ഥാനത്തിന് സാധിച്ചിട്ടില്ല. ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന പലിശ, ശമ്പളം, പെൻഷൻ, സബ്സിഡികൾ മുതലായ റവന്യൂ ചെലവുകളും Tax-GSDP വളർച്ച നിരക്കിലുള്ള കുറവും കാരണമാണ് 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള സാമ്പത്തിക ദൃഢീകരണ പ്രക്രിയയുടെ ലക്ഷ്യങ്ങൾ നേടാൻ സംസ്ഥാനത്തിന് കഴിയാതിരുന്നത്. എന്നാൽ കടബാദ്ധ്യത ജി.എസ്.ഡി.പിയുടെ അനുപാത ലക്ഷ്യങ്ങൾ (Debt-GSDP) 2011-12 സാമ്പത്തിക വർഷം മുതൽ കൈവരിക്കുവാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) സർക്കാർ ചെലവുകളെ കുറിച്ചും ധനകാര്യസ്ഥിതി യെക്കുറിച്ചും എക്സപെന്റിച്ചർ അവലോകന കമ്മിറ്റി എത്ര റിപ്പോർട്ടുകൾ സർക്കാരിന് നൽകിയിട്ടുണ്ട്; വിശദമാക്കാമോ; ഈ റിപ്പോർട്ടുകളിലെ ശുപാർശകളിൽ സർക്കാർ നടപ്പിലാക്കിയിട്ടില്ലാത്തവ ഏത്? | സർക്കാർ ചെലവുകളെക്കുറിച്ചും ധനകാര്യസ്ഥിതിയെക്കുറിച്ചും വിശകലനം ചെയ്യുവാൻ കേരള ധനഉത്തരവാദിത്വ നിയമം, 2003 (29 of 2003) പ്രകാരം 25.11.2005 ൽ രൂപീകരിക്കപ്പെട്ട ഒന്നാം കേരള എക്സ്പെന്റിച്ചർ അവലോകന കമ്മിറ്റി മൂന്ന് റിപ്പോർട്ടുകളും 30.09.2008 ൽ രൂപീകരിക്കപ്പെട്ട രണ്ടാം കേരള എക്സ്പെന്റിച്ചർ അവലോകന കമ്മിറ്റി മൂന്ന് റിപ്പോർട്ടുകളും 25.04.2012 ൽ രൂപീകരിക്കപ്പെട്ട മൂന്നാം കേരള എക്സ്പെന്റിച്ചർ അവലോകന കമ്മിറ്റി നാല് റിപ്പോർട്ടുകളും സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എക്സ്പെന്റിച്ചർ അവലോകന കമ്മിറ്റിയുടെ ശുപാർശകളിൻമേൽ Action Taken കൈക്കൊള്ളുന്നതു സംബന്ധിച്ചോ ആയത് നിയമസഭയിൽ സമർപ്പിക്കുന്നത് സംബന്ധിച്ചോ കേരള ധനഉത്തരവാദിത്വ നിയമത്തിലോ ചട്ടങ്ങളിലോ വ്യവസ്ഥചെയ്തിട്ടില്ല. |

അക്കൗണ്ട്സ് ഓഫീസർ